# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 94 | 28.05.2019- ൽ മറുപടിയ്ക്ക്

## പ്രവാസികളുടെ പുനരധിവാസം

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | എ) | തിരികെയെത്തുന്ന പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). പരമാവധി മുപ്പത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ വരെ) ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. 2017-18 സാമ്പത്തിക വർഷം വരെ എസ്.ബി.ഐ., യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകൾ മുഖാന്തിരം മാത്രം നടത്തി വന്നിരുന്ന ഈ പദ്ധതി 2018-19 സാമ്പത്തിക വർഷം ബാങ്ക് ഓഫ് ബറോഡ, സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നീ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി (മലപ്പുറം) എന്നിവയ്ക്കു പുറമേ കേരള സംസ്ഥാന പട്ടികവർഗ്ഗ/പട്ടികജാതി വികസന കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവയുമായി ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിന്നും കേരള സംസ്ഥാന ആഗ്രിക്കൾച്ചറൽ റൂറൽ ഡവലപ്മെന്റ് ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് 2018-19 സാമ്പത്തിക വർഷം മുതൽ ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കുക എന്നിവ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം നോർക്ക-റൂട്ട്സ് നൽകി വരുന്നുണ്ട്. |
| ബി) | പ്രവാസി ജീവിതത്തിനിടയിൽ രോഗങ്ങൾ, അപകടങ്ങൾ എന്നിവയെത്തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതരെ സഹായിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | പ്രവാസി ജീവിതത്തിനിടയിൽ അപകടം മൂലം മരണപ്പെടുന്നയാൾ പ്രവാസി നോർക്കാ ഐഡന്റിറ്റി കാർഡ് ഉടമയാണെങ്കിൽ, ന്യൂ ഇൻഡ്യ അഷ്വറൻസ് കമ്പിനിയിൽ നിന്നും രണ്ട് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് തുക ആശ്രിതർക്ക് ലഭിക്കും. പ്രവാസ ജീവിതം മതിയാക്കിയ വ്യക്തിക്ക് രോഗം മൂലമോ അപകടം മൂലമോ മരണം സംഭവിച്ചാൽ സാന്ത്വന ധനസഹായ പദ്ധതിയിൽ നിന്നും ആശ്രിതർക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി പരമാവധി ഒരു ലക്ഷം രൂപാ ധനസഹായം നൽകി വരുന്നു. |

**സെക്ഷൻ ഓഫീസർ**